**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3396** **14-07-2022 - ൽ മറുപടിയ്ക്ക്**

**തിരുവല്ല നിരണത്ത് നെൽ കർഷകൻ ആത്മഹത്യ ചെയ്ത സംഭവം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി.സിദ്ദിഖ്,<br>ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീമതി.ഉമ തോമസ്** | | **ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | തിരുവല്ല നിരണത്ത് നെൽ കർഷകൻ ആത്മഹത്യ ചെയ്ത സംഭവം സർക്കാർ ഗൗരവത്തോടെ കാണുന്നുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | കൃഷി ആവശ്യത്തിന് ബാങ്കിൽ നിന്ന് എടുത്ത വായ്പ തിരിച്ചടക്കാൻ നിവൃത്തിയില്ലാതെയാണ് ആത്മഹത്യ ചെയ്തതെന്നത് പരിശോധിച്ചിരുന്നോ ; | (ബി) | ആത്മഹത്യ ചെയ്ത കർഷകന് ബാങ്കിൽ കാർഷിക വായ്പകളിൽ കുടിശ്ശിക ഒന്നും തന്നെ ഇല്ലായെന്ന് അന്വേഷണത്തിൽ അറിയാൻ സാധിച്ചിട്ടുണ്ട്. ആയതിനാൽ കർഷക ആത്മഹത്യ എന്ന പേരിൽ പ്രചരിക്കുന്ന വാർത്തകൾ അടിസ്ഥാന രഹിതമാണ്. കൃഷിയുമായി ബന്ധപ്പെട്ട് അനുവദിക്കേണ്ട മുഴുവൻ ആനുകൂല്യങ്ങളും ഇദ്ദേഹത്തിന് സമയബന്ധിതമായി അനുവദിച്ചിട്ടുണ്ട്. |
| (സി) | സമാനമായ സംഭവങ്ങൾ ആവർത്തിക്കാതിരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ? | (സി) | കർഷകർക്ക് കൃഷി ലാഭകരമായി ചെയ്യുന്നതിനുള്ള വിവിധ പദ്ധതികളാണ് സർക്കാർ നടപ്പിലാക്കുന്നത്. നെൽകർഷകർക്ക് സുസ്ഥിര നെൽകൃഷി വികസനത്തിനായി ഉല്പാദനോപാധികൾക്കുള്ള ആനുകൂല്യം, തരിശുനിലത്തിൽ കൃഷി ചെയ്യുന്നവർക്ക് ആനുകൂല്യം, നെൽ വയലുകൾ സംരക്ഷിക്കുന്നതിനായി ഭൂവുടമകൾക്ക് റോയൽറ്റി, ഉല്പാദന ബോണസ് എന്നീ ആനുകൂല്യങ്ങൾ നൽകുന്നതോടൊപ്പം സിവിൽ സപ്ലൈസ് മുഖേന നെല്ല് സംഭരണം നടത്തുന്നു.<br><br>ഉല്പാദന വർദ്ധനവിനും വിള വിസ്തൃതി വർദ്ധനവിനും സഹായകരമായ പദ്ധതികളോടൊപ്പം കർഷകരുടെ ഉത്പന്നങ്ങൾക്ക് ന്യായ വില ലഭ്യമാക്കുന്നതിനുള്ള വിവിധ പദ്ധതികൾ കൃഷി വകുപ്പ് നടപ്പിലാക്കി വരുന്നു. ഇതിനായി കാർഷിക വിപണികളിലൂടെ കാർഷിക ഉത്പന്ന സംഭരണവും കൂടാതെ അടിസ്ഥാന വില ലഭ്യമാക്കുന്നതിനുള്ള പദ്ധതികളും നടപ്പിലാക്കുന്നു. പ്രകൃതിക്ഷോഭങ്ങൾ, കീടരോഗങ്ങൾ മുതലായവ മുഖേന അവിചാരിതമായി ഉണ്ടാകുന്ന |

| | | | |
|---|---|---|---|
| | | | കൃഷിനാശം നേരിടാനായി സംസ്ഥാന, കേന്ദ്ര വിള ഇൻഷുറൻസ് പദ്ധതികളും വിളനാശത്തിനുള്ള ആനുകൂല്യം നൽകുന്ന പദ്ധതികളും നടപ്പിലാക്കുന്നു. കുറഞ്ഞ പലിശ നിരക്കിൽ കാർഷിക വായ്പകൾ ലഭ്യമാക്കിയും കാലാകാലങ്ങളിൽ വായ്പകളിന്മേൽ മൊറട്ടോറിയം ഏർപ്പെടുത്തിയും കാർഷിക കടാശ്വാസ കമ്മീഷൻ, കർഷക ക്ഷേമനിധി ബോർഡ് എന്നിവയിലൂടെ കർഷകരുടെ പ്രശ്നങ്ങളിൽ ഇടപെട്ടും കർഷക ക്ഷേമത്തിന് ഉതകുന്ന വിവിധ പദ്ധതികൾ നടപ്പിലാക്കി കർഷകരുടെ വരുമാനവും ജീവിത നിലവാരവും മെച്ചപ്പെടുത്തുന്ന നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ